# പതിനാലാം കേരള നിയമസഭ

പതിനെട്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 758　　05.02.2020 ലെ മറുപടിയ്ക്ക്

**പട്ടികജാതി വിഭാഗത്തിൽപ്പെട്ടവർക്കുള്ള ചികിത്സാ സഹായം**

| | ചോദ്യം<br><br>ശ്രീ.വി.കെ.സി. മമ്മത് കോയ | | മറുപടി<br>എ.കെ.ബാലൻ<br>(പട്ടികജാതി-പട്ടികവർഗ്ഗ പിന്നാക്കസമുദായ ക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി) |
|---|---|---|---|
| എ) | ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പട്ടികജാതി വിഭാഗത്തിൽപ്പെട്ടവർക്കുള്ള ചികിത്സാ സഹായം ലഭ്യമാക്കുന്നതിനുള്ള നടപടികൾ വേഗത്തിലാക്കാൻ സാധിച്ചിട്ടുണ്ടോ; ഇതിനായി എന്തു ക്രമീകരണങ്ങളാണ് ഏർപ്പെടുത്തിയിട്ടുള്ളതെന്ന് അറിയിക്കാമോ; | എ) | ഉണ്ട്.ചികിത്സാ ധനസഹായ വിതരണത്തിൽ കാലതാമസം ഒഴിവാക്കുന്നതിനായി നിലവിൽ ഓൺലൈൻ വഴിയാണ് പദ്ധതി നടപ്പിലാക്കുന്നത്. |
| ബി) | ഇതുവരെ ഈ പദ്ധതി പ്രകാരം എത്രപേർക്ക് ചികിത്സാ സഹായം നൽകിയെന്ന് അറിയിക്കാമോ; | ബി) | ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം 1,24,608 പേർക്ക് ചികിത്സാ ധനസഹായം അനുവദിച്ച നൽകിയിട്ടുണ്ട്. |
| സി) | കോഴിക്കോട് ജില്ലയിൽ ഈ പദ്ധതിയിലൂടെ നൽകിയ ആനുകൂല്യത്തിന്റെ കണക്കുകൾ ലഭ്യമാക്കാമോ? | സി) | ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കോഴിക്കോട് ജില്ലയിൽ 3570 പേർക്കായി 6,68,82,753/-രൂപ (ആറ് കോടി അറുപത്തിയെട്ട് ലക്ഷത്തി എൺപത്തി രണ്ടായിരത്തി എഴുന്നൂറ്റി അമ്പത്തി മൂന്ന് രൂപ മാത്രം) വിതരണം ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ